# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1454 — 15.02.2016-ൽ മറുപടിയ്ക്ക്

## അവശകലാകാരന്മാർക്ക് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.തിലോത്തമൻ: | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി |
| (എ) കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നവരും പ്രായാധി കൃവും രോഗങ്ങളും മൂലം അവശതയനുഭവിക്കുന്നവരുമായ നിർദ്ധനരെ സഹായിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് പറയാമോ; ഈ ഇനത്തിൽ എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | എ) കലാസാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്ന വരും പ്രായാധിക്യവും രോഗങ്ങളും മൂലം അവശതയനുഭവിക്കുന്നവരുമായ നിർദ്ധനരെ സഹായിക്കുവാൻ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തിരം കലാകാര പെൻഷൻ, അടിയന്തിര ചികിത്സാ ധനസഹായം എന്നിവ നൽകുന്നുണ്ട്. അർഹരായ 3020 പേർക്ക് 750 രൂപ വീതം പ്രതിമാസ ധനസഹായം നൽകുന്നുണ്ട്. നടപ്പ സാമ്പത്തികവർഷം കലാകാര പെൻഷൻ ഇനത്തിൽ 2,66,85,000/- രൂപയും അടിയന്തിര ചികിത്സാ ധനസഹായ ഇനത്തിൽ 10,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് കലാസാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്നവരും പ്രവർത്തിച്ചിരുന്നവരുമായ വർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യ ങ്ങൾ നൽകി ക്ഷേമപ്രവർത്തനങ്ങൾ നടത്തു ന്നതിനായി കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ചി ട്ടുണ്ട്. ക്ഷേമപ്രവർത്തനങ്ങൾക്കായി ബോർഡിന് നാളിതുവരെ സർക്കാർ ആകെ 3,41,40,000 രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഇപ്രകാരം രോഗികളായവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്ന തിനുള്ള നടപടികൾ വിശദമാ ക്കാമോ; ചേർത്തല താലൂക്കിൽ ഈ ഇനത്തിൽ സാമ്പത്തിക സഹായം ലഭിച്ച കലാകാരന്മാരും സാംസ്കാരിക പ്രവർത്തകരും | ബി) രോഗികളായ കലാകാരന്മാർക്ക് അടിയന്തിര ചികിത്സാ ധനസഹായം ലഭിക്കുന്നതിന് വെള്ള പേപ്പറിൽ രേഖപ്പെടുത്തിയ അപേക്ഷ, വരുമാനം തെളിയിക്കുന്ന രേഖകൾ, വയസ്സ് തെളിയിക്കുന്ന രേഖകൾ, കലാരംഗം സംബന്ധമായ സർട്ടി ഫിക്കറ്റുകൾ, മരുന്നുവാങ്ങിയത് സംബന്ധിച്ച |

ആരെല്ലാമാണെന്നും അവർക്ക് ലഭിച്ച തുക എത്ര വീതമാണെന്നും വിശദമാക്കാമോ;

കുറിപ്പടികൾ എന്നിവ സഹിതം ബന്ധപ്പെട്ട അക്കാദമിയിൽ അപേക്ഷ സമർപ്പിക്കുകയാണ് വേണ്ടത്. സാംസ്കാരിക വകുപ്പിൽ നിന്നും നടപ്പ സാമ്പത്തിക വർഷം ഈ ഇനത്തിൽ ധനസഹായം കൈപ്പറ്റിയതിൽ ചേർത്തല താലൂക്കിൽ ഉൾപ്പെട്ടവർ ആരും ഇല്ല.

2013 -ലെ കേരള സാംസ്കാരിക ക്ഷേമനിധി പദ്ധതി വ്യവസ്ഥകൾ പ്രകാരം, ഒരു നിശ്ചിത കാലയളവിൽ ക്ഷേമനിധിയിൽ അംശദായം അടച്ചിരിക്കണമെന്ന വ്യവസ്ഥ കൾക്കുവിധേയമായി ക്ഷേമനിധി അംഗങ്ങൾക്ക് ചികിത്സയ്ക്ക് ധനസഹായമായി ഒറ്റത്തവണ 25,000/- രൂപ നൽകാവുന്നതാണ്. എന്നാൽ ക്യാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ ചികിത്സാ ചെലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 75,000/- രൂപ വരെ ധന സഹായം അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്. ചേർത്തല താലൂക്കിൽ നിന്നും ക്ഷേമനിധി അംഗമായിട്ടുള്ള ശ്രീ. സൈഫുദ്ദീൻ എന്ന കലാകാരന് 25,000/- രൂപ ചികിത്സാ സഹായമായി ക്ഷേമനിധിയിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) കലാരംഗത്ത് ദീർഘകാലം പ്രവർത്തിക്കുകയും ഗുരുതരമായ രോഗം ബാധിക്കുകയും ചെയ്തവർ ചികിത്സയ്ക്കും ജീവിതവൃത്തിക്കും വക യില്ലാതെ വിഷമിക്കുന്ന സാഹചര്യ ത്തിൽ ഇവരെ സഹായിക്കുന്നതി നായി നടപടി സ്വീകരിക്കുമോ?

സി) സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തിരം കലാകാര പെൻഷൻ, ചികിത്സാധന സഹായം എന്നിവയ്ക്കുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ധനസഹായ വിതരണം നടത്തി വരുന്നു.

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ സാമ്പ ത്തിക സ്ഥിതിക്കു വിധേയമായി ക്ഷേമപദ്ധതി വ്യവസ്ഥകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ കൈക്കൊള്ളുന്നുണ്ട്.

Dup

സെക്ഷൻ ഓഫീസർ